"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - തലസ്ഥാന നഗര വികസന പദ്ധതി - 10/06/2023-ന് തിരുവനന്തപുരം സബ്കോടതിയിൽ നടന്ന ലോക് അദാലത്തിൽ സെറ്റിൽ ചെയ്ത എൽ.എ.ആർ കേസുകളിന്മേലുള്ള തുക ബന്ധപ്പെട്ട കക്ഷികൾക്ക് അനുവദിക്കുന്നതിന് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.1952/2023/LSGD തീയതി,തിരുവനന്തപുരം, 05-10-2023

പരാമർശം:-
1. സ.ഉ.(അച്ചടി) നം.32/2019/ധന തീയതി 18/03/2019
2. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 03/07/2023, 15/07/2023, 05/08/2023 തീയതികളിലെ എ3/1457/2017/ട്രിഡ നമ്പർ കത്തുകൾ

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പൊന്നുംവിലയ്ക്ക് ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് 10/06/2023 തീയതിയിൽ ബഹു.തിരുവനന്തപുരം സബ്കോടതിയിൽ നടന്ന ലോക് അദാലത്തിൽ മൂന്ന് എൽ.എ.ആർ കേസുകൾ (LAR 131/2013, 888/2009, 63/2009) പരിഗണിക്കുകയും ഒത്തുതീർപ്പാക്കുകയും ചെയ്തിരുന്നു. 'ആറ് മാസത്തിനകം ഡെപ്പോസിറ്റ് ചെയ്താൽ പലിശ ഇല്ല' എന്ന വ്യവസ്ഥയിൽ യഥാർത്ഥ തുകയേക്കാൾ കുറച്ച് സെറ്റിൽ ചെയ്ത് സാമ്പത്തിക ബാദ്ധ്യത ലഘൂകരിക്കാമെന്നതിനാൽ, ടി എൽ.എ.ആർ.കേസുകളിന്മേലുള്ള ആകെ തുകയായ 28,90,000/-രൂപ അടിയന്തരമായി കക്ഷികൾക്ക് അനുവദിക്കണമെന്ന് പരാമർശം (2) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 10/06/2023 തീയതിയിൽ ബഹു.തിരുവനന്തപുരം സബ്കോടതിയിൽ നടന്ന അദാലത്തിൽ അർത്ഥനാധികാരിയായ ട്രിഡയുടെ സമ്മതത്തോടുകൂടി ഒത്തു തീർപ്പാക്കിയിട്ടുള്ള മൂന്ന് എൽ.എ.ആർ കേസുകളിന്മേലുള്ള (എൽ.എ.ആർ. 131/2013, 888/2009, 63/2009) ആകെ തുകയായ 28,90,000/-രൂപ (ഇരുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം), '4217-60-800-93-Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്ന്, ചുവടെ ചേർക്കുന്ന എൽ.എ.ആർ കേസുകളിലെ കക്ഷികൾക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| Sl No. | Claimant/Petitioner | LAR No. | E.P No | Amount settled in lok adalath held on |
|---|---|---|---|---|

| | | | | **10/06/2023 (in Rs)** |
|---|---|---|---|---|
| 1 | Smt. Sujathadevi & Sri. Mohanakumaran Padmavilasathu Veedu, Pottakkuzhy, Pattom P.O, TVM | 131/2013 | 298/2016 | 5,50,000/- |
| 2 | Sri.P.M. Rajeev Parvathy Vilas, TC.24/116-118 Panavila Road, TVM | 888/2009 | 111/2020 | 21,50,000/- |
| 3 | Sri. Kesavan Potti Sreekarythu Madam, Sreekanteswaram, Fort, Thiruvananthapuram & Sri. Venugopalan Potti & Sri. Narayan Potti Kuriyadathu Madam Nagaruru Post, Kilimanoor | 63/2009 | 842/2012 | 1,90,000/- |
| Total - Rs.28,90000/- (ആകെ ഇരുപത്തിയെട്ട് ലക്ഷത്തി തൊണ്ണൂറായിരം രൂപ മാത്രം) | | | | |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ലീന എൻ പി
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)
ജില്ലാ കളക്ടർ, തിരുവനന്തപുരം
ഡെപ്യൂട്ടി കളക്ടർ (എൽ.എ), തിരുവനന്തപുരം
10/06/2023-ലെ അദാലത്തിലെ കക്ഷികൾക്ക് (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന)
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
സബ് ട്രഷറി ഓഫീസർ, വെള്ളയമ്പലം, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/109/2023-LSGD)

ഉത്തരവിൻ പ്രകാരം
Signed by
Vijitha M B
Date: 05-10-2023 12:43:19
സെക്ഷൻ ഓഫീസർ